II ഇ.ബി.XIV-കേരള നിയമസഭ/VII-5

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 11, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

11 (*121) ലൈഫ് പാർപ്പിട പദ്ധതി

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ലൈഫ് പാർപ്പിട പദ്ധതിക്ക് തുടക്കം കുറിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കി കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ ലിസ്റ്റ് 2017 സെപ്റ്റംബർ 25-നുമുമ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിതരായ

ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും സാമ്പത്തിക സേവനങ്ങളുൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനുതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുകയെന്നുള്ളതാണ് ലൈഫ് പദ്ധതിയുടെ ലക്ഷ്യമെന്നും സഭയെ അറിയിച്ചു. കരട് ലിസ്റ്റിൽ പരാതികളുണ്ടെങ്കിൽ മോണിറ്ററിംഗ് നടത്തി അത് പൂർണ്ണമായും പരിഹരിച്ചായിരിക്കും അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയാൽ പദ്ധതി പ്രവർത്തനം ആരംഭിക്കുകയും അർഹതയുള്ള എല്ലാവർക്കും വീട് അനുവദിക്കുകയും ചെയ്യുന്നതാണ്. ഇത് ഭവനനിർമ്മാണ രംഗത്തെ ഒരു ഇന്റഗ്രേറ്റഡ് പദ്ധതിയായിരിക്കുമെന്നും കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വ്യത്യസ്തമായ രീതിയിൽ വീട് നിർമ്മിക്കാനുള്ള സോഴ്സുകളെ ഉദ്ഗ്രഥിച്ചുകൊണ്ട് വീട് നിർമ്മാണം ആരംഭിക്കുകയും അധികമായി വരുന്ന തുക സംസ്ഥാന സർക്കാർ ലോണെടുത്ത് പഞ്ചായത്തുകൾക്ക് നൽകുകയും പഞ്ചായത്ത് അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിൽനിന്ന് പ്രിൻസിപ്പൽ എമൗണ്ടിന്റെ ഇൻസ്റ്റാൾമെന്റും അതിനാവശ്യമായ പലിശയും സംസ്ഥാന സർക്കാർ നൽകുന്നതാണെന്നും മന്ത്രി അറിയിച്ചു. ലൈഫ് പാർപ്പിട സമുച്ചയങ്ങൾക്കാവശ്യമായ ഭൂമി വാങ്ങുന്നതിനുള്ള പണം കണ്ടെത്തുന്നതിന് കിഫ്ബി മുഖേന ലാൻഡ് ബോർഡ് എത്രയും വേഗം ബോണ്ട് തയ്യാറാക്കുമെന്നും സംസ്ഥാന സർക്കാർ ലക്ഷ്യംവച്ച വീടുകൾ 2021-ൽ

പൂർത്തിയാക്കുന്നതാണെന്നും അതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എം.എൽ.എ./എം.പി.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുമായി ഇടപെട്ട് ഭൂമിയുടേയും സമ്പത്തിന്റേയും സമാഹരണം സാദ്ധ്യമാക്കുന്നതാണെന്നും ലഭ്യമാകുന്നിടത്തുനിന്ന് ഭൂമി ഏറ്റെടുക്കുന്നതാണെന്നും ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും സമുച്ചയത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. തോട്ടം തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി തോട്ടമുടമകളിൽനിന്ന് ഭൂമി ലഭ്യമായില്ലെങ്കിൽ സർക്കാർ ഭൂമി കണ്ടെത്തി വീട് നിർമ്മാണം ആരംഭിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

12 (*122) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ മുൻകൂട്ടി നൽകുകയും സമയബന്ധിതമായി പരിശീലനം പൂർത്തിയാക്കുകയും വാർഷിക പദ്ധതി സമർപ്പിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ തുടർച്ചയായി അവലോകനം നടത്തുകയും പദ്ധതി രൂപീകരണ പ്രക്രിയ മോണിറ്റർ ചെയ്യുന്നതിന് പെർഫോർമൻസ്

ആഡിറ്റ് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്യതിലൂടെ ജീവനക്കാരുടെ അകമഴിഞ്ഞ പിന്തുണ ഉണ്ടായതുകൊണ്ടാണ് പദ്ധതികൾക്ക് ജൂൺ 15-നുള്ളിൽ അംഗീകാരം വാങ്ങാൻ സാധിച്ചതെന്ന് സഭയെ അറിയിച്ചു. അംഗീകാരം നൽകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജാഗ്രത പുലർത്തുന്നതോടൊപ്പം പദ്ധതി പ്രവൃത്തികളുടെ മോണിറ്ററിംഗ് ആഴ്ചതോറും നടത്തുകയും പിന്നിൽ നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ജില്ലാ-സംസ്ഥാന തലത്തിൽ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന വികസന പ്രവർത്തനങ്ങളിൽ നവകേരള മിഷനുവേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ അതാത് മിഷനുകളിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനും ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക, ജൈവ മാലിന്യങ്ങൾ ജൈവവള ഉൽപാദനത്തിനും ഊർജ്ജോത്പാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കുക, മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കുടുംബശ്രീ ധാരാളം തനതായ സംരംഭകത്വ പ്രോജക്ടുകൾ ഏറ്റെടുക്കുകയും ഏറ്റെടുക്കുന്ന ഓരോ പദ്ധതിയും സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെയാണ് മുന്നോട്ടുകൊണ്ട് പോകുന്നതെന്നും ജലസേചനത്തിനും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന കനോലി കനാലിനെ അതിന്റെ തീരത്തുള്ള ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കി മലിനീകരണത്തിൽനിന്നും സംരക്ഷിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ കുറവുകൾ നികത്തുന്നതോടൊപ്പം ജനകീയമായി പദ്ധതി നിർവ്വഹണം നടപ്പിലാക്കാനുള്ള സാദ്ധ്യതയൊരുക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

13 (*123 & *137) <u>നെൽകൃഷി വികസന പദ്ധതി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വികസനത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ട് സമഗ്ര നെൽകൃഷി വികസന പദ്ധതി ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും 2016 ആഗസ്റ്റ് മുതൽ 2017 ആഗസ്റ്റ് വരെയാണ് നെൽവർഷമായി ആചരിക്കുന്നതെന്നും പ്രസ്തുത പദ്ധതിയുടെ ഭാഗമായി മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള

സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നുവെന്നും നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായിക വിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. 14 ജില്ലകളിൽ 231 പാടങ്ങളിലായി 4290.812 ഹെക്ടർ സ്ഥലം നിലവിൽ പുതിയതായി നെല്ലുത്പാദനത്തിന് പര്യാപ്തമായിട്ടുണ്ട്. 2956.7 ഹെക്ടർ സ്ഥലമാണ് ഈ വർഷത്തെ ഭൗതിക ലക്ഷ്യം. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിക്കേണ്ട ഡാറ്റാ ബാങ്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും 669 കൃഷിഭവനുകളിലെ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും 226 കൃഷി ഭവനുകളിലെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിനായി ഗവ. പ്രസ്സുകളിൽ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പൂർത്തിയാകാത്ത കൃഷിഭവൻ പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെ കുറ്റമറ്റ രീതിയിലും

സമയബന്ധിതമായും പ്രസിദ്ധീകരണം പൂർത്തിയാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനും ഒരു ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത പ്രകാരം നിലവിൽ നെൽവയൽ/തണ്ണീർത്തടമായി നിൽക്കുന്ന സ്ഥലങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ 90 ദിവസത്തിനുള്ളിൽ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ പുന:പരിശോധനയ്ക്ക് അപേക്ഷിക്കാവുന്നതും പ്രസ്തുത ഭൂമി പരിശോധന നടത്തി ഡാറ്റാ ബാങ്കിൽ ആവശ്യമായ തിരുത്തലുകളോടെ പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് പി.ആർ.എസ്. ലോൺ സംവിധാനത്തിലൂടെ സംഭരിച്ച നെല്ലിന്റെ തുക കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് മൂന്ന് ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതിന് ബാങ്കുകളുമായി ധാരണയുണ്ടാക്കാൻ സപ്ലൈകോയ്ക്ക് ഉത്തരവ് നൽകുകയും കേരളത്തിൽ നെൽകൃഷിക്കനുയോജ്യമായ 90,000 ഹെക്ടർ തരിശുഭൂമിയുണ്ടെന്ന് കാർഷിക സർവ്വകലാശാലയും ഡിപ്പാർട്ടുമെന്റും സംയുക്തമായി നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂഉടമകളിൽനിന്നും അത് ഏറ്റെടുത്ത് കൃഷിചെയ്യുന്നതിനായി ജില്ലാകളക്ടർക്ക് അധികാരം നൽകുകയും ചെയ്തിട്ടുണ്ടെന്നും ജില്ലാകളക്ടർ ഭൂഉടമയുടെ സമ്മതത്തോടെ കൃഷി ചെയ്യുന്നതിനായി ഗ്രൂപ്പുകൾക്കോ കർഷകരുടെ

സംഘടനകൾക്കോ കുടുംബശ്രീക്കോ നൽകാൻ നിയമം അനുശാസിക്കുന്നുണ്ടെന്നും നിയമ പരിമിതികളുള്ളതിനാൽ അവ ഭൂഉടമസ്ഥരിൽനിന്നും പിടിച്ചെടുക്കുന്നതിനു പകരം അവരുടെ ഉടമസ്ഥാവകാശം ഉറപ്പാക്കിക്കൊണ്ട് ആ ഭൂമിയിൽ കൃഷി ചെയ്യുന്നതിനാവശ്യമായ നിയമ ഭേദഗതിയെക്കുറിച്ച് ആലോചിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സീഡ് അതോറിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ കൃഷിക്കാർക്കാവശ്യമായ നെൽവിത്ത് ഇൻഡന്റ് അനുസരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയതോടൊപ്പം കർണ്ണാടക സീഡ് അതോറിറ്റിയും എൻ.എസ്.സി.-യുമായി ചേർന്ന് കേരള സീഡ് അതോറിറ്റി വച്ചിട്ടുള്ള എഗ്രിമെന്റ് പ്രകാരം അവരുടെ വിത്തുകൾ കർഷകർക്ക് നേരിട്ട് എത്തിച്ചുകൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കുടിശ്ശിക വിതരണം ചെയ്തുകൊണ്ടിരിക്കുകയാണെന്നും കൃഷിക്കാർക്ക് ആനുകൂല്യങ്ങളും സംരക്ഷണവും മുൻകരുതലും ഏർപ്പെടുത്തി കർഷകാത്മഹത്യകൾ ആവർത്തിക്കാതിരിക്കാൻ നയപരിപാടികൾ ആവിഷ്കരിക്കുകയും അതിന്റെ ഭാഗമായി സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും പുതുതലമുറയെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനായി പുതിയ എന്റർപ്രണർഷിപ്പ് കൊണ്ടുവരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ 63 സീഡ് ഫാമുകൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനം

നടന്നുകൊണ്ടിരിക്കുകയാണെന്നും വേനലുമായി ബന്ധപ്പെട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി മൂപ്പ് കുറഞ്ഞ വിത്തുകൾ കൂടുതൽ ഉല്പാദിപ്പിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഓണാട്ടുകര മേഖല തരിശുരഹിത പ്രദേശമാക്കി മാറ്റുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും ഈ സീസണിൽ പമ്പിംഗ് സബ്സിഡി വിതരണം പൂർത്തിയാക്കി കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് പണം എത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്നും ഓരുവെള്ളം കയറി കൃഷി നശിക്കാതിരിക്കുന്നതിന് ബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി ഒക്ടോബർ 31-നുമുമ്പ് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആലപ്പുഴ, തൃശ്ശൂർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1340 മുതൽ 1638 വരെയുള്ള ചോദ്യങ്ങളിൽ 30 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)